**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3768** | **12-03-2025 - ൽ മറുപടിയ്ക്ക്**

**ഫാം എയ്‌ഡ് പാക്കേജ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പശു വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് ഫാം എയ്‌ഡ് പാക്കേജ് പദ്ധതി വഴി എത്ര രൂപയുടെ ധനസഹായമാണ് പശുഫാമിന് നൽകുന്നത്; വ്യക്തമാക്കാമോ? | (എ) | മൃഗസംരക്ഷണ വകുപ്പ് വഴി സമഗ്ര ഫാം എയ്‌ഡ് പാക്കേജ് എന്ന പദ്ധതി 2024 - 25 സാമ്പത്തിക വർഷം ആവിഷ്കരിച്ചിരുന്നു. 10 മുതൽ 20 വരെ കറവയുള്ള പശുക്കളുള്ള ഇടത്തരം ഡയറി ഫാമുകൾക്കാണ് ആനുകൂല്യം ലഭിക്കാൻ അർഹതയുള്ളത്. ഇത്തരത്തിലുള്ള സംസ്ഥാനത്തെ 45 ഫാമുകളെ ആയിരുന്നു ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ ലക്ഷ്യമിട്ടിരുന്നത്. പ്രസ്തുത പദ്ധതിയുടെ കീഴിൽ വെറ്ററിനറി സേവനം, കാലിത്തീറ്റ, ധാതുലവണ മിശ്രിതം എന്നിവയ്ക്ക് സഹായം, തീറ്റപ്പുൽ കൃഷിക്ക് സഹായം, മെക്കനൈസേഷൻ സപ്പോർട്ട് എന്നിങ്ങനെ വിവിധങ്ങളായ സേവനങ്ങൾ ഉൾപ്പെടെ ഒരു ഫാമിന് പരമാവധി ഒരു ലക്ഷം രൂപയുടെ ധനസഹായമാണ് ലഭിക്കുക.<br><br>2024 - 25 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ചുവെങ്കിലും പ്ലാൻ കട്ട് പ്രാബല്യത്തിൽ വന്നതിനാൽ പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. എന്നാൽ 2025 - 26 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി വകുപ്പിന്റെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ 2025 - 26 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ